

പെരുമ്പടവം ശ്രീധരൻ

# ചാവറ അച്ചൻ മരുഭൂമി പൂക്കുന്ന അനുഭവം



ക്രുദ്ധമധ്യാഹ്നം മേഞ്ഞ് ചുട്ടുപഴുത്തുകിടക്കുന്ന ഒരു മരുഭൂമി. മരങ്ങൾ മുഴുവൻ ഉണങ്ങിപ്പോയി. ഒരീന്തപ്പനയുടെ നിഴൽപോലുമില്ല. മഴ വിദൂരമായ ഒരോർമയാണിപ്പോൾ മരുഭൂമിക്ക്. ഒരു തളിരോ പൂവോ കണ്ടിട്ട് നാളേറെയായി. നനവും പച്ചപ്പുമൊക്കെ മരുഭൂമിയിൽ പൊള്ള വാക്കുകളായിത്തീരുന്നു. ആൾത്താമസമുള്ള ഗ്രാമങ്ങൾ എത്രദൂരെയാണ്! ഒടുവിലത്തെ യാത്രക്കാരന്റെ കാൽപാടുകളും മരുഭൂമിയിലെ കാറ്റു മായ്ച്ചുകളഞ്ഞിരിക്കുന്നു. കുറെ ദൂരെ ഒരൊട്ടകത്തിന്റെ ദ്രവിച്ചുതുടങ്ങിയ അസ്ഥിപഞ്ജരം മണലിൽ പാതി പുതഞ്ഞുകിടക്കുന്നു. മരുഭൂമിക്കു മുകളിലൂടെ എന്നോ പറന്നുപോയ പക്ഷിയുടെ ചിറകിൽനിന്നു കൊഴിഞ്ഞ തൂവൽ കാറ്റത്ത് മണലിൽക്കിടന്ന് അനങ്ങുന്നു. അപ്പോൾ കത്തുന്ന വെയിലിൽ നഗ്നപാദനായ ഒരാൾ നടന്നുവരുന്നു. കാഴ്ചയിൽ ഒരു യോഗിയുടെ മുഖച്ഛായയുണ്ട് അയാൾക്ക്. ഉണങ്ങിനിൽക്കുന്ന മരക്കൂട്ടങ്ങളുടെയിടയിൽ വന്നുനിന്ന് അയാൾ ആകാശത്തിനു നേർക്ക് മുഖമുയർത്തി. പിന്നെ ഉണക്കമരങ്ങൾക്കിടയിൽ പൊള്ളുന്ന മണലിലിരുന്ന് അയാൾ ധ്യാനത്തിൽ മുഴുകി.

മരുഭൂമിയുടെ ചൂടറിയാതെ. പൊള്ളലറിയാതെ. വിശപ്പും ദാഹവുമില്ലാതെ. രാപ്പകലുകളറിയാതെ. കുറെ ദിവസങ്ങൾക്കുശേഷം അയാൾ ധ്യാനത്തിൽനിന്നുണർന്ന് എങ്ങോട്ടെന്നില്ലാതെ വീണ്ടും യാത്രയായി. ദൂരെ, അയാൾ കാഴ്ചയിൽനിന്നു മറയാൻ തുടങ്ങുമ്പോൾ പെട്ടെന്ന് ഉണക്കമരങ്ങൾ തളിർത്തു. തളിരുകളോടും പൂക്കളോടും കൂടി കാടുകൾ കാറ്റത്തുലഞ്ഞു. മരുഭൂമി പൂത്തു.

പുണ്യശ്ലോകനായ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെ ഓർക്കുമ്പോൾ ഈ കഥയും എന്റെ ഓർമയിൽ വരുന്നു. വിശുദ്ധിയുള്ള ഒരാൾ മരുഭൂമിയിൽ കാൽകുത്തുമ്പോൾ മരുഭൂമി പൂക്കുന്നു. അങ്ങനെ ഒരനുഭവമല്ലേ ചാവറയച്ചന്റെ ജന്മംകൊണ്ട് കേരളത്തിനുണ്ടായത്! കേരളത്തിലെ കത്തോലിക്കരുടെ വിശ്വാസജീവിതത്തെ മാത്രമാണോ തന്റെ ശ്ലൈഹിക മുദ്രപതിഞ്ഞ കർമങ്ങൾകൊണ്ട് ചാവറയച്ചൻ ഭാസുരമാക്കിയത്? സഭയുടെ സ്വതന്ത്രമായ പ്രവർത്തനങ്ങൾക്കും സ്വത്വസ്വരൂപണത്തിനും വേണ്ടി ചാവറയച്ചൻ സഹിച്ച യാതനകൾ അദ്ദേഹത്തിന് പ്രേഷിതന്റെ പരിവേഷമുണ്ടാക്കുന്നുവെന്ന് ചരിത്രം വായിക്കുന്നവർ തിരിച്ചറിയും. വിശ്വാസജീവിതത്തിനൊപ്പം സാംസ്കാരികജീവിതവും കൂടി സമന്വയിപ്പിച്ച ആളെന്നനിലയിൽ ചാവറയച്ചൻ സമൂഹത്തിന്റെ പൊതുവായ പുരോഗതിയും ശ്രേയസും മുൻകൂട്ടി കണ്ടിരുന്നുവെന്ന് ആദരവോടെ ഓർമിക്കപ്പെടും. പള്ളികളോടനുബന്ധിച്ച് പള്ളിക്കൂടങ്ങളുണ്ടാകണമെന്ന് നിർദേശിച്ചതിന്റെയും സന്യാസസഭകൾ സ്ഥാപിച്ചതിന്റെയും പിന്നിൽ മഹത്തായ ലക്ഷ്യങ്ങളുണ്ടായിരുന്നു ചാവറയച്ചന്.

മാന്നാനം കുന്നിൽ ഒരു സംസ്കൃതവിദ്യാലയം സ്ഥാപിക്കാൻ ചാവറയച്ചൻ കാണിച്ച താൽപര്യം അദ്ദേഹത്തെ ഇന്ത്യയുടെ സാംസ്കാരികപാരമ്പര്യത്തിന്റെ ഓഹരിക്കാരനാക്കിത്തീർത്തു. പള്ളികൾ, പള്ളിക്കൂടങ്ങൾ, സെമിനാരികൾ, സന്യാസസംഘങ്ങൾ, അനാഥാലയങ്ങൾ, പ്രസ്, പുസ്തകപ്രസാധനം-എളിയ സാഹചര്യങ്ങളിൽ എന്തൊക്കെയാണ് ചാവറയച്ചൻ സാക്ഷാത്കരിച്ചതെന്ന് അത്ഭുതത്തോടെയേ നമുക്ക് ഓർക്കാൻ കഴിയൂ.

വൈദികൻ ആത്മാവിന്റെ കാവൽക്കാരനായിരിക്കുമ്പോൾത്തന്നെ ദാരിദ്ര്യത്തിലും അജ്ഞതയിലും കഴിയുന്ന പാവങ്ങളുടെ ഇടയിലേക്കുചെന്ന് അവരുടെ ദുഃഖത്തിൽ അവരെ സാന്ത്വനിപ്പിക്കുന്ന കർമയോഗികൂടിയായിരിക്കണമെന്ന് ചാവറയച്ചൻ പഠിപ്പിച്ചു.

സ്വന്തം സമുദായത്തെയും സഭയെയും മാത്രമല്ല സമൂഹത്തെയാകമാനം ആശ്ലേഷിക്കുന്നതായിരുന്നു ചാവറയച്ചന്റെ സ്നേഹവായ്പെന്നും അത് ജാതിയുടെയോ മതത്തിന്റെയോ വേർതിരിവുകളെ അംഗീകരിക്കാത്തതായിരുന്നുവെന്നും നാമറിയുന്നു. ചാവറയച്ചന്റെ ജീവിതം നിരീക്ഷിക്കുമ്പോൾ അതിന് മഹത്തായ ഒരാശയമുണ്ടായിരുന്നുവെന്നും അത് മനുഷ്യനന്മയായിരുന്നുവെന്നും വെളിവാകും.

'അന്യന്മാർക്ക് വല്ല ഉപകാരവും ചെയ്യാത്ത ദിവസം തന്റെ ആയുസിന്റെ കണക്കിൽ കൂട്ടുന്നതല്ലെ'ന്ന് എഴുതി

വയ്ക്കുന്ന മനസ് നമ്മുടെ ഹൃദയാകാശത്തിൽ ഉദിച്ചു നിൽക്കുന്ന നന്മയുടെ സൂര്യനെ ഓർമിപ്പിക്കുന്നു.

ഇതിനൊക്കെപ്പുറമേ ചാവറയച്ചൻ അനുഗൃഹീതനായ ഒരു കവിയായിരുന്നല്ലോ. ആത്മാനുതാപവും മരണവീട്ടിൽ പാടുന്നതിനുള്ള പാനയും വായിക്കുമ്പോൾ ഏകാന്തതകളിൽ ആ മനസ് അനുഭവിച്ചിരുന്ന കവിതയുടെ ദിവ്യലാവണ്യത്തെക്കുറിച്ച് ഓർത്തുപോകും. അനുതാപാർദ്രമായ ഒരു മനസിന്റെ ഉൾത്തുടിപ്പുകൾകൊണ്ട് ചാവറയച്ചന്റെ കവിത ഭാവനിർഭരമായിരിക്കുന്നു. ആധ്യാത്മികതയുടെ അഴകുള്ള കവിതയാണത്.

ഞാൻ ഈയിടെ വീണ്ടും മരണവീട്ടിൽ പാടാനുള്ള പാനയെടുത്തു വായിച്ചു. തന്റെ മരണത്തിൽ സങ്കടപ്പെടുകയും വിലപിക്കുകയും ചെയ്യുന്ന ബന്ധുക്കളോടും സുഹൃദ്ജനങ്ങളോടും മരിച്ചയാൾ ജീവിതത്തെയും മരണത്തെയും മനുഷ്യബന്ധങ്ങളെയുംകുറിച്ച് അനുതാപത്തോടെ ഏറ്റുപറയുന്ന ജ്ഞാനപ്പാനയാണ് 'മരണവീട്ടിൽ പാടുന്നതിനുള്ള പാന'. ഒരു ആത്മഭാഷണത്തിന്റെ ഛായയുണ്ടതിന്. ഇന്നലെവരെ നമ്മൾ രാഗദ്വേഷങ്ങൾ പങ്കുവച്ച് ആഹ്ളാദത്തോടെ ജീവിച്ചു. ഇന്നു താൻ ജീവിതത്തിനപ്പുറത്താണ്.

'നിങ്ങളും ഞാനുമായൊന്നിച്ചു മോദിച്ചു
ഇന്നു ഞാൻ നിങ്ങളെ വേർപെട്ടിതാ'

ജീവിതത്തിന്റെ മറുകരയിൽ മരണത്തിന്റെ ശ്യാമതീരങ്ങളിൽ നിൽക്കുമ്പോൾ അയാളുടെ ആത്മാവ് ഇടറുന്നു.

'ഒന്നിച്ചു സ്നേഹത്താൽ മോദിച്ച നാളതിൽ
നന്ദിയാൽ യാതൊന്നും കേൾപ്പിച്ചില്ല'.

ഒന്നിച്ചു ജീവിച്ചകാലത്ത് സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തവരോട് നന്ദിപറയാൻ മറന്നുപോയത് ഇപ്പോൾ ഒരപരാധമായി ആത്മാവ് തിരിച്ചറിയുന്നു. കളിച്ചുരസിച്ച് ജീവിതം ആഘോഷിച്ചപ്പോൾ ഗർവും ക്രോധവുംകൊണ്ട് മനുഷ്യബന്ധങ്ങളുടെ പവിത്രത അറിയാതെ പോയതിന്റെ കുറ്റബോധം ഇപ്പോൾ ആത്മാവിനെ അലട്ടുന്നു. ഓർക്കാപ്പുറത്ത് മരണം ജീവിതത്തെ കീഴടക്കുമ്പോൾ ഭൂമിയിൽ മനുഷ്യന്റെ അസ്തിത്വം ഓർമയായിത്തീരുന്നു. മരണത്തിന്റെ ശ്യാമഭൂവിൽ നിൽക്കുമ്പോൾ ജീവിതത്തെ സംബന്ധിച്ച വലിയ ഒരറിവ് മനുഷ്യാത്മാവ് ഉൾക്കൊള്ളുന്നു.

'നിങ്ങളിലൊന്നു പോലായിരുന്നിന്നലെ
നിങ്ങളുമെന്നെപ്പോലാകും നാളെ'

ജീവിച്ചുതീർത്ത ജന്മത്തിന്റെ അനുഭവങ്ങളിൽനിന്നുൾക്കൊണ്ട പൊരുൾ ദാർശനികമായ ചിന്തയായി കവിതയിൽ നിറയുന്നു.

'ജീവിതകാലത്തിൽ സ്നേഹിതന്മാർ പലർ
ജീവൻപിരിയുമ്പോൾ ആരുമില്ല.
കൂട്ടരുണ്ടായ് പലർ സ്നേഹിതന്മാരവർ
കൂടെവരുവതിന്നാരുണ്ടിപ്പോൾ...'

ശുദ്ധീകരണസ്ഥലത്തേക്കുള്ള ആത്മാവിന്റെ യാത്രയിൽ ഭൂമിയിലെ ജീവിതത്തിന്റെ ഓർമ പുണ്യപാപങ്ങളുടെ ഭാണ്ഡമായി അതു ചുമക്കുന്നുണ്ട്. കടന്നുപോന്ന കണ്ണീർപ്പാടത്തിന്റെയോ മരുഭൂമിയുടെയോ സമതലത്തിന്റെയോ നേർക്ക് ആ നിമിഷങ്ങളിൽ ഹൃദയത്തിലെ കണ്ണ് തുറക്കുന്നു.

ഏതാണ് ഭൂമിയിലെ ഏറ്റവും വലിയ ദുഃഖം? യാതൊരു സന്ദേഹവുമില്ലാതെ ഉത്തരം ഏറ്റുപറയാൻ അപ്പോൾ കഴിയുന്നു.

'മർത്യർക്കു നേരിടും ദുഃഖങ്ങളൊക്കെയിൽ
മൃത്യുസമം ദുഃഖം ലോകേയില്ലേ!'

ഭൂമിയിൽ മനുഷ്യന് മൂന്ന് തോഴികളാണുള്ളത്. ലോകം, ശരീരം, മിഥ്യാഭിമാനം എന്നിങ്ങനെ. പക്ഷേ മരണസമയത്ത് ഇതൊന്നും ഉപകാരപ്പെടാതെ വെറുതേ നഷ്ടപ്പെടുകയാണ്. മരണത്തിനു മുമ്പിൽ ജീവിതത്തിന്റെ കണക്കുതീർക്കുമ്പോൾ ശേഷിക്കുന്നത് വല്ല സത്കൃത്യവും ചെയ്തിട്ടുണ്ടെങ്കിൽ അതുമാത്രം. ജീവിതത്തിന്റെ തുരങ്കം കടന്നുപോകുമ്പോൾ കൂടെവരുന്നത് ആ തോഴിയാണ്.

ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്കുവേണ്ടിയുള്ള പ്രാർഥന വിശ്വാസജീവിതത്തിന്റെ ഉടമ്പടിയും നിക്ഷേപവുമാണെന്ന് ഈ കാവ്യംകൊണ്ട് ചാവറയച്ചൻ ഓർമിപ്പിക്കുന്നു.

പാവപ്പെട്ട ഒരു വൃദ്ധ രോഗംപിടിപെട്ട് മരിച്ചു. ആ അമ്മയുടെ രണ്ടു പെണ്മക്കൾ കന്യാസ്ത്രീമഠത്തിലുണ്ട്. അതിൽ ജീവിതം പ്രാർഥനയാക്കിത്തീർത്ത ഒരു പുണ്യവതി, ധ്യാനസമയത്ത് വിശുദ്ധമാതാവ് ആ പാവപ്പെട്ട അമ്മയെ വന്നു കൂട്ടിക്കൊണ്ടുപോകുന്നത് സ്വപ്നത്തിൽ കണ്ടു. അമ്മയെ വിശുദ്ധമാതാവ് തന്നെ വന്ന് കൂട്ടിക്കൊണ്ടുപോയ സ്ഥിതിക്ക് ഇനി അമ്മയ്ക്കുവേണ്ടി പ്രാർഥിക്കേണ്ട കാര്യമില്ലെന്ന് മക്കളും അവരുടെ മറ്റു ബന്ധുജനങ്ങളും വിചാരിച്ചു. വൃദ്ധയെ എല്ലാവരും മറന്നു. അങ്ങനെയിരിക്കുമ്പോൾ മാതാവ് വന്ന് ആ വൃദ്ധയെ സ്വർഗത്തിലേക്കു കൂട്ടിക്കൊണ്ടുപോയെന്നു സ്വപ്നം കണ്ട പുണ്യവതി തന്നെ മറ്റൊരു സ്വപ്നം കണ്ടു ഞെട്ടിയുണർന്നു. എനിക്കുവേണ്ടി ആരും പ്രാർഥിച്ചില്ലല്ലോ എന്നുപറഞ്ഞ് ആ പാവപ്പെട്ട അമ്മ ശുദ്ധീകരണസ്ഥലത്തു കിടന്നു കരയുന്നു. വിശുദ്ധമാതാവ് വന്ന് കൂട്ടിക്കൊണ്ടുപോയെങ്കിലും ശുദ്ധീകരണസ്ഥലത്ത് ചെല്ലുമ്പോൾ മറ്റുള്ളവരുടെ പ്രാർഥന വേണം അനുതാപവൃത്തിക്ക്. പിന്നെ പുണ്യവതിയുടെയും വൃദ്ധയുടെ മക്കളുടെയും പ്രാർഥനകൊണ്ട് വൃദ്ധ ശുദ്ധീകരണസ്ഥലത്തെ പരീക്ഷ കഴിഞ്ഞ് സ്വർഗത്തിൽ പ്രവേശിച്ചു.

ശുദ്ധീകരണസ്ഥലത്ത് ആത്മാവിന് പ്രാർഥന കൂട്ടായി നിൽക്കുന്നു.

ശുദ്ധീകരണസ്ഥലത്തെക്കുറിച്ച് ചാവറയച്ചന്റെ നിരീക്ഷണം ഇങ്ങനെയാണ്.

'നീതിക്കു തക്കപോൽ ശുദ്ധിവരുത്തുവാൻ
ശുദ്ധീകരസ്ഥലം സൃഷ്ടിചെയ്തു'

ശുദ്ധീകരണസ്ഥലത്തെ യാതനകൾകൊണ്ട് ആത്മാവിന് ഒരുദിവസം ചിലപ്പോൾ നീണ്ട കാലമായി തോന്നും. മരിച്ച കട്ടിലിൽനിന്ന് ജഡം ഇനിയും ഇറക്കിയിട്ടില്ലെന്ന അവസ്ഥയിൽപ്പോലും ശുദ്ധീകരണസ്ഥലത്ത് ആത്മാവ് അനുഭവിക്കുന്ന കൊടും യാതന ചാവറയച്ചൻ ഇങ്ങനെ സങ്കൽപനം ചെയ്യുന്നു:

'നീ മരിച്ചതിൻശേഷമിതുവരെ
ഏകദിനം തികഞ്ഞില്ല ദൃഢം.
നിന്നുടെ ദേഹത്തെ മണ്ണിൽ മറപ്പാനായ്
ഇന്നിതുനേരം മതിയായില്ല.
നീ മരിച്ചെന്നൊരാ കട്ടിലതിൽതന്നെ
നിൻ ദേഹമപ്പോൾ കിടന്നീടുന്നു.
നീ സഹിച്ചീടുന്നോരഗ്നിയിൻ ശക്തിയാൽ
ഈനേരങ്ങൾ ബഹുകാലങ്ങൾപോൽ...
നിന്റെ ചിത്തം തന്നിൽ തോന്നിയ കാരണം
ഈ വണ്ണം ചൊല്ലീ നീ, നേരല്ലത്'.

നാട്ടുഭാഷയുടെ സാരള്യത്തോടെയാണ് ചാവറയച്ചന്റെ കവിത.

ശുദ്ധിയോടെ ജീവിച്ച ആത്മാവിനുപോലും ശുദ്ധീകരണസ്ഥലത്തെ നൂൽപ്പാലം കടക്കാൻ ഭൂമിയിൽ തന്റെ പ്രിയപ്പെട്ടവരുടെ പ്രാർഥന വേണം. അപ്പോൾ ശുദ്ധിയില്ലാതെ ജീവിച്ചവരുടെ കാര്യമോ?

വിശ്വാസജീവിതത്തിന് പ്രവൃത്തിയും പ്രാർഥനയും എത്ര അനിവാര്യമാണെന്ന് ഈ കാവ്യം നമ്മെ ഓർമിപ്പിക്കുന്നു.

ഒരു പുണ്യാത്മാവിന്റെ പാദസ്പർശം പൂക്കുന്നതിന്റെ ഒരു കഥയിൽ ഞാൻ ഈ ലേഖനം ആരംഭിച്ചത് ചാവറയച്ചൻ കേരളത്തിന്റെ സാംസ്കാരികജീവിതത്തെ എങ്ങനെ സുരഭിലമാക്കിത്തീർത്തു എന്നു ബോധ്യപ്പെടുത്താൻ വേണ്ടിയായിരുന്നുവെന്നുപറഞ്ഞ് ഞാനിത് അവസാനിപ്പിക്കട്ടെ.